(സി) ഭൂമിയില്ലാത്തവരും, പാർപ്പിടമില്ലാത്തവരുമായ ആളുകളെ തരിശുഭൂമിയിൽ താമസിപ്പിക്കുന്നതിനു വേണ്ട നടപടികൾ എടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 924852 ഏക്കർ 21 സെൻറ് 165¾ സ്ക്വയർ ലിംക്സ്.

(ബി) 137990 ഏക്കർ 60 സെൻറ് 949 സ്ക്വയർ ലിംക്സ്.

(സി) ബാക്കി തരിശായി കിടക്കുന്ന പുറമ്പോക്കിൽ, ഏറിയ ഭാഗവും റോഡ്, ചിറ, തോട്, പാറക്കെട്ട് മുതലായി കൃഷിക്ക് ഉപയോഗമില്ലാത്തതും പൊതു ഉപയോഗത്തിനു് ആവശ്യമുള്ളതുമാണു്. ബാക്കിയുള്ള സ്ഥലം അപേക്ഷ കിട്ടുന്ന മുറയ്ക്കും നിലവിലുള്ള ചട്ടങ്ങൾക്കു വിധേയമായും കുത്തകപ്പാട്ടം കൊടുത്തുവരുന്നുണ്ടു്.

Second Five Year Plan.

* 1121. [44] SHRI K. M. GEORGE : Will the Chief Minister be pleased to state :

(a) what was the size of the plan proposed by the State to be included in the Second Five Year Plan ;

(b) what is the plan size approved by the Central Government ;

(c) in which Department was the biggest cut effected by the Centre ; and

(d) is there any department where there was no cut, if so, which ?

Chief Minister (SHRI PANAMPILLI GOVINDA MENON) :

(a) Rs. 131.88 crores.

(b) Rs. 75.63 crores excluding the allotments for the following:—

1. Urban water supply and drainage.
2. Inland Navigation.
3. Flood Control.
4. Minor Ports and Harbours.
5. Tourism.
6. Panchayats—Local development works.

A substantial allotment for "educated unemployment" is also anticipated.

In addition, the allocation under the following heads is tentative and is likely to be increased:—

1. Community Projects and N. E. S.
2. Village and Small Scale Industries.
3. Housing.
4. Backward classes.

LIBRARY ARCHIVES Kerala Legislative Assembly

(c) Statistics schemes have suffered the highest percentage of cut.

(d) 1. Anjanad Colonisation.
2. Ayurveda College.
3. Medical College.
4. Museums and Zoo.

പ്രൈമറി സ്കൂളുകളിലേയ്ക്കു നിയമനം.

* 1122. [45] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രൈമറിസ്കൂളുകളിലേയ്ക്കുള്ള നിയമനങ്ങളിൽ തിരുവിതാംകൂർ വിഭാഗത്തിൽമാത്രം ഉള്ള മലയാളം ഹയർ പരീക്ഷ പാസ്സായവർക്ക് പ്രത്യേകം സീറ്റുകൾ റിസർവു ചെയ്തിട്ടുണ്ടോ ;

(ബി) ഈ വ്യവസ്ഥകൊണ്ട് പഴയ കൊച്ചിയിലെ അപേക്ഷകന്മാർക്ക് സെലക്ഷൻ കിട്ടുന്നതിനുള്ള സാഹചര്യം കുറഞ്ഞിട്ടുണ്ടോ ;

(സി) ഈ വിധത്തിൽ കുറെ സ്ഥാനങ്ങൾ റിസർവു ചെയ്യുവാനുള്ള തീരുമാനം എടുത്തത് എന്നാണ് ;

(ഡി) അതിനശേഷം പ്രൈമറി സ്കൂളുകളിലേയ്ക്ക് എത്ര നിയമനം നടത്തിയിട്ടുണ്ട് ;

(ഇ) മലയാളം ഹയർ പാസ്സായ എത്രപേർക്ക് ഈ വ്യവസ്ഥയനുസരിച്ചു ജോലി കിട്ടിയിട്ടുണ്ട് ;

(എഫ്) ഇനി അത്തരത്തിൽപ്പെട്ടവർ എത്രപേർ ബാക്കി നിൽപ്പുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്. മലയാളം ഹയർ, തമിഴ് ഹയർ, ശാസ്ത്രി ഈ പരീക്ഷ പാസ്സായിട്ടുള്ളവർക്ക് 30 ശതമാനം ഒഴിവുകൾ റിസർവ്വ് ചെയ്തിട്ടുണ്ട്.

(ബി) ഈ വ്യവസ്ഥകൊണ്ട് പഴയ കൊച്ചിയിലെ മാത്രമല്ല, പഴയ തിരുവിതാംകൂറിലേയും ഇംഗ്ലീഷ് പരീക്ഷായോഗ്യതയുള്ള (എസ്സ്. എസ്സ്. എൽ. സി., ഇ. എസ്സ്. എ. സി. മുതലായ പരീക്ഷായോഗ്യതയുള്ള) അപേക്ഷകർക്കു ജോലി കിട്ടുന്നതിനുള്ള സാഹചര്യം ആനുപാതികമായി കുറഞ്ഞിട്ടുണ്ട്.

(സി) 1952 ആഗസ്റ്റ് 6-ാംതീയതി

(ഡി) 4814.

(ഇ) 1835

(എഫ്) 1598.

Second Five Year Plan.

* 1123. [46] ശ്രീ പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തു് ഏത്ര ജലസേചനപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly